No. of Printed Pages : 2

100192

# GN-126

III Semester B.A./B.Sc./B.C.A./B.Sc. (FAD) Examination,
December - 2019

(CBCS) (F+R) (2015-16 and Onwards)

## MALAYALAM LANGUAGE

## Part - I Paper - III

Time : 3 Hours

Max. Marks : 70

**I.** നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (സന്ദർഭം, ആശയം വ്യക്തമാക്കുക). **4x3=12**

(a) ഓട്ടുമണിയൊന്നതാ തൂങ്ങുന്നു, കാറ്റിലാ
നേർത്ത നാദം തുളുമ്പുന്നു.

(b) എല്ലാം മറന്നോടി യെത്തിയിട്ടില്ല ഞാൻ
വല്ലവി കളൊത്തു നിൻ ചാരെ

(c) ഇരുൾ മൂടി നനവാർന്ന
കണ്ണുമായ് വീണു പോ
മിരവിലീ മുറിവേറ്റ സിംഹം

(d) അവനും കൺകൾ തിളങ്ങീടുന്നു
അവനും കൈകളുയർത്തീടുന്നു.

(e) അവിടെ ഞാൻ മുടിയഴിഞ്ഞ ണിമലർക്കുലപൊഴി-
ഞ്ഞൊരു നാള്ളു മാടിയിട്ടില്ല.

**II.** (a) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2x6=12**

(i) അമ്പലമണിയുടെ ഇന്നത്തെ അവസ്ഥ

(ii) പ്രകൃതിയോടുള്ള മനുഷ്യന്റെ ക്രൂരത വ്യക്തമാക്കുന്ന കവിതയാണ് 'മുറിവേറ്റ സിംഹം' – വിശദമാക്കുക.

(iii) ഇതു താനാശംസിപ്പൂ മകനേ,
ഞാനും ഭാരത മാതൃ ഹൃദന്തവു-
മാ ഹൃദയത്തിൻ വ്യഥയും – എന്നു പറയാനുള്ള കാരണം.

(b) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2x6=12**

(i) കഥാകാരൻ അകപ്പെട്ട ഗ്രാമത്തിലെ ജനങ്ങളും അവർ അങ്ങനെ ആകാനുള്ള കാരണവും വ്യക്തമാക്കുക.

(ii) "എടാ ഒന്ന് നിക്ക് ഞാനൊന്നു മുറുക്കട്ടെ. എത്ര നേരമായി ഒന്നു മുറുക്കീട്ട്" – ആര് ആരോട് പറഞ്ഞ വാക്കുകൾ ? വ്യക്തമാക്കുക.

(iii) മിസിസ്സ് നായരുടെ സ്വഭാവം ചിത്രീകരിക്കുക.

P.T.O.

**III.** ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. (രണ്ടര പുറത്തിൽ കവിയാതെ). **1x14=14**

(a) നിഗൂഢമായി കൃഷ്ണനെ ആത്മാവുകൊണ്ടു അർച്ചിച്ചു പോന്ന ഗോപികയാണ് കൃഷ്ണ നീയെന്നെയറിയില്ല എന്ന കവിതയിൽ – വ്യക്തമാക്കുക.

(b) ഒരു സ്വാതന്ത്ര്യ ദിനത്തിൽ എന്ന കവിതയ്ക്കു ആസ്വാദനം തയ്യാറാക്കുക.

**IV.** ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. (രണ്ടര പുറത്തിൽ കവിയാതെ). **1x14=14**

(a) കരുത്തുറ്റ ഒരു സ്ത്രീ കഥാപാത്രമാണ് രാച്ചിയമ്മ. ഉറൂബിന്റെ ചെറുകഥയെ ആസ്പദമാക്കി വിവരിക്കുക.

(b) പെൺകുട്ടിക്ക് ജന്മം കൊടുക്കുന്ന സ്ത്രീ നേരിടുന്ന യാതനകളാണ് സാറാ തോമസ്സ് തന്റെ ചെറുകഥയിൽ വിവരിക്കുന്നത്. – വ്യക്തമാക്കുക.

**V.** ആശയം മൂന്നിലൊന്നായി സംഗ്രഹിക്കുക. **3**

ഇത്രയും കരിം കറുപ്പുകൾ മറനീക്കി പുറത്തു വരും മുമ്പുതന്നെ, ഈ രാജ്യത്തെ യുവാക്കളും സുമനസ്സുകളും ഭാവിയെപ്പറ്റി പ്രത്യാശ കെട്ടവരായി കഴിഞ്ഞിരുന്നു. ഇനി ഈ രാവിൽ കോഴി കൂവുകയില്ല എന്ന മട്ടിലുള്ള വിലാപങ്ങൾ ഹൃദയങ്ങളുടെ ഉള്ളറകളിൽ നിന്നുമുയർന്നിരുന്നു. വർത്തമാനത്തിന്റെ വലിയ ദുരന്തങ്ങളിലൊന്ന്, സദ്ബുദ്ധികൾ ഭാവിയെപ്പറ്റി ആശയില്ലാത്തവരായി മാറുന്നു എന്നതാണ്. കൂരിരുൾ കനത്തതായിരിക്കെ, വെളിച്ചം അകലെയായിരിക്കെ, വെളിച്ചത്തെക്കുറിച്ചുള്ള സ്വപ്നങ്ങളെങ്കിലും ജനതയ്ക്ക്, യുവജനങ്ങൾക്ക്, കൈമോശം വന്നു കൂടാത്തതായിരുന്നു. സ്വപ്നങ്ങളില്ലെങ്കിൽപ്പിന്നെ പരിവർത്തനങ്ങളും പുലരികളും എങ്ങനെ സംഭവിക്കുവാനാണ് ?

**VI.** നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കവിയും അദ്ദേഹത്തിന്റെ കൃതിയും പരിചയപ്പെടുത്തുക. **3**

- o 0 o -